# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 789

20.03.2013 - ൽ മറുപടിയ്ക്ക്

## പറവൂർ നഗരസഭയിലെ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിലെ സൗകര്യങ്ങൾ

ചോദ്യം
ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം
ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) പറവൂർ നഗരസഭയിലെ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ മനുഷ്യ മാലിന്യങ്ങൾ ശേഖരിക്കുന്നതിലേയ്ക്ക് നിർമ്മിച്ചിട്ടുള്ള ടാങ്ക് വർഷങ്ങളായി തകരാറിലാകുകയും രോഗികൾക്ക് ആശുപത്രിയിൽ കിടക്കുവാൻ കഴിയാത്തവിധം ബുദ്ധിമുട്ട് ഉണ്ടാകുകയും ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി നിവേദനങ്ങൾ നൽകുകയും, ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തശേഷവും നാളിതുവരെ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ കഴിയാത്ത സാഹചര്യത്തിൽ പ്രത്യേക നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകി പ്രശ്ന പരിഹാരത്തിന് നടപടി കൈക്കൊള്ളുമോ?

(എ) & (ബി) :-
ഉണ്ട്. ഈ വിഷയം പറവൂർ ആശുപത്രിയുടെ ഭരണച്ചുമതലയുള്ള പറവൂർ നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രശ്ന പരിഹാരത്തിനായി വേണ്ട നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ